ഏതു വികസനത്തിന്റെയും അടിയസ്ഥാനമായി നാം കരുതുന്നത് വൈദ്യുതിയാണ്. വൈദ്യുതി ഉത്പാദിപ്പുക്കുന്ന ഏത് പദ്ധതിയും അതുകൊണ്ടുതന്നെ നമുക്ക് സ്വീകാര്യമാണ്. എന്നാൽ കള്ളക്കണക്കുകൾ പെരുപ്പിച്ചുകാട്ടി വൈദ്യുത പദ്ധതികൾ കൊണ്ടുവരാൻ വിദഗ്ധൻമാർ ശ്രമിക്കുമ്പോൾ നമുക്ക് നഷ്ടമാകുന്നത് അതിലേറെ വിലപ്പെട്ട മറ്റ് വിഭവങ്ങളാണ്. ചീമേനിയിൽ വരാനൊരുങ്ങുന്ന താപനിലയത്തിന്റെ പശ്ചാത്തലത്തിൽ പദ്ധതി സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെപ്പറ്റി ശങ്കർശർമ്മ നിരീക്ഷിക്കുന്നു

# വികസനം ചീമേനിയിലേക്ക്

ശങ്കർശർമ്മ

പരിഭാഷ: സി.ആർ. നീലകണ്ഠൻ

വികസനത്തിന്റെ പുതിയ ദുർഭൂതങ്ങൾ ഒന്നൊന്നായി വന്നുകൊണ്ടിരിക്കുന്നു. വൈദ്യുതിയാണല്ലോ ഏതു വികസനത്തിന്റെയും അടിസ്ഥാനമായി നാം കരുതുന്നത്. വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഏതു പദ്ധതിയേയും നമുക്ക് സ്വീകാര്യമാവുന്നത് അതുകൊണ്ടാണ്. നിലവിലുള്ള നിലയങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാതെയും പ്രസരണ-വിതരണത്തിൽ നഷ്ടം വരുത്തിയും പരിസ്ഥിതിക്കിണങ്ങാത്തതും സാമ്പത്തികമായി വൻ ബാധ്യത വരുത്തുന്നതുമായ പദ്ധതികൾ നടപ്പിലാക്കിയും കാടുംനാടും ബോർഡും നശിപ്പിച്ചവർ, കാലാകാലങ്ങളിലെ രാഷ്ട്രീയ യജമാനന്മാർക്കു വേണ്ടി കള്ളക്കണക്കുണ്ടാക്കുന്നവർ.... ഇവരാണ് നമ്മുടെ വിദഗ്ധർ. ഏറ്റവുമൊടുവിൽ കാസർഗോഡ് ജില്ലയിലെ കയ്യൂർ ചീമേനി പഞ്ചായത്തിലെ ചീമേനിയിൽ ഒരു സൂപ്പർ തെർമ്മൽ നിലയം -കൽക്കരി കൊണ്ടു പ്രവർത്തിക്കുന്ന താപനിലയം സ്ഥാപിക്കാനുള്ള പദ്ധതിയാണ് കൊണ്ടു വന്നിരിക്കുന്നത്. 2400 മേഗാ വാട്ട് ശേഷിയാണ് നിലയത്തിനുണ്ടാകുക. ഇതിലൊരു ഭാഗം ദ്രവീകൃത പ്രകൃതി വാതകം( എൽ.എൻ.ജി) ഉപയോഗിച്ച് പ്രവർത്തിക്കുമെന്നും പറയപ്പെടുന്നു. അൽഭുതകരമെന്നു പറയട്ടെ, മറ്റു വൈദ്യുത പദ്ധതികളിലേതു പോലെ ഇവിടെ വൈദ്യുതബോർഡി നല്ല പദ്ധതിയിൽ താൽപര്യം. മറിച്ച് വ്യവസായ വകുപ്പിനാണ്. സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ(കെ.എസ്.ഐ.ഡി.സി) ആണ് ഈ പദ്ധതിയുടെ നോഡൽ ഏജൻസി. കേരളാ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള രണ്ടായിരം ഏക്കർ ഭൂമി ഇതിനായി സർക്കാർ നൽകുന്നു. കൂടെ കുറേ സ്ഥലം സ്വകാര്യ വ്യക്തികളിൽ നിന്നും ഏറ്റെടുക്കും. ഇതിന്റെ നടത്തിപ്പിനായി കെ.എസ്.ഐ.ഡി.സിയുടെ നേതൃത്വത്തിൽ ഒരു സ്ഥാപനം (സ്പെഷൽ പർപ്പസ് വെഹിക്കിൾ) സ്ഥാപിച്ചിട്ടുണ്ട്. ഈ കമ്പനിയുടെ 26 ശതമാനം ഓഹരി സർക്കാർ കൈവശം വച്ച് ബാക്കി 74 ശതമാനം സ്വകാര്യ, വിദേശ സ്ഥാപനങ്ങൾക്കും നൽകും. ഫലത്തിൽ ഒരു വിദേശി സ്വകാര്യ താപനിലയം ആകും ഇവിടെ വരുന്നത്. പദ്ധതിയുടെ കൺസൾട്ടന്റായി ആക്സിൻകോ കാപ്പിറ്റൽ സർവീസ് ലിമിറ്റഡ്, നാഗ്പൂർ എന്നീ സ്ഥാപനങ്ങളെ നിയോഗിച്ചിട്ടുണ്ട്. ഈ പദ്ധതി ഇന്നാട്ടിനുണ്ടാകുന്ന പ്രത്യാഘാതങ്ങളെപ്പറ്റി ചീമേനി ഫൈൻ ആർട്സ് സൊസൈറ്റി സംഘടിപ്പിച്ച സെമിനാറിൽ കർണ്ണാടകയിലെ ഷിമോഗയിൽ നിന്നുമെത്തിയ ശങ്കർശർമ്മ അവതരിപ്പിച്ച പ്രബന്ധത്തിന്റെ സംഗ്രഹിത പരിഭാഷയാണിവിടെ ചേർത്തിരിക്കുന്നത്. (കർണ്ണാടക വൈദ്യുത ബോർഡും കേന്ദ്രവൈദ്യുത അതോറിറ്റിയും ഇന്ത്യക്കു പുറത്തുള്ള നിരവധി വൈദ്യുതി ഉൽപാദന വിതരണ സ്ഥാപനങ്ങളിലുമായി മൂന്നു പതിറ്റാണ്ടിലേറെക്കാലം പ്രവർത്തിച്ച അനുഭവ പരിചയമുള്ള വ്യക്തിയാണ് ശങ്കർശർമ്മ. കഴിഞ്ഞ ഒരു പതിറ്റാണ്ടോളമായി കർണ്ണാടകയിലും പുറത്തും നിർദ്ദേശിക്കപ്പെട്ട നിരവധി വൈദ്യുത പദ്ധതികളുടെ യാഥാർത്ഥ്യങ്ങൾ തുറന്നു കാട്ടിക്കൊണ്ട് അവിടങ്ങളിൽ നടന്നു വരുന്ന സമരങ്ങൾക്ക് ശക്തിപകരുകയാണ് ഇദ്ദേഹം. കർണ്ണാടകയിൽ വരാനിരുന്ന നാലു പ്രധാന പദ്ധതികളെങ്കിലും ജനകീയ പ്രതിരോധത്തിലൂടെ ഇതിനകം ഉപേക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇവയിൽ ശങ്കർശർമ്മയുടെ പങ്ക് ഏറെ നിർണ്ണായകമായിരുന്നു.)

ചീമേനി പോലെ പാരിസ്ഥിതിക സമ്പത്തുള്ള, ജൈവവൈവിധ്യമുള്ള ഒരു പ്രദേശത്ത് 2400 മെഗാവാട്ട് ശേഷിയുള്ള ഒരു കൽക്കരി താപനിലയം വരുമ്പോഴുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് എനിക്കുള്ള അറിവ് ഞാൻ നിങ്ങളുമായി പങ്കുവയ്ക്കുകയാണ്. ഒരു വൈദ്യുതനിലയം സ്ഥാപിക്കുന്നതിനു തീരുമാനമെടുക്കുമ്പോൾ നിരവധി വിഷമങ്ങൾ പരിഗണിക്കണം. വികസനത്തിന് വൈദ്യുതി ആവശ്യമാണെന്നതു ശരി. എന്നാൽ ഏറ്റവും ചുരുങ്ങിയത് എത്ര വൈദ്യുതി വേണം? അത് എങ്ങനെയുണ്ടാക്കാം? ഏതു വിലക്കും ഏതു വിഭവങ്ങൾ നശിപ്പിച്ചും അതുണ്ടാക്കുന്നതു ശരിയോ? അല്ലെങ്കിൽ എന്താണീ വികസനം? രാത്രികളെ പകലാക്കിക്കൊണ്ട് ക്രിക്കറ്റ് മൈതാനത്തിൽ ഫ്ളഡ് ലൈറ്റിടാൻ വൈദ്യുതി ഉപയോഗിക്കണമോ? പകലും രാത്രിയും ഒരുപോലെ വൈദ്യുതി ഉപയോഗിച്ച് എ.സിയും ലൈറ്റുകളും പ്രവർത്തിപ്പിക്കുന്ന

കൂറ്റൻ ഷോപ്പിംഗ് മാളുകൾ നമുക്കാവശ്യമുണ്ടോ? ഇങ്ങനെ ദുർവ്യം ചെയ്യാൻ വേണ്ട് വൈദ്യുതി ഉൽപാദിപ്പിക്കാൻ ഇങ്ങനെ നാശം വരുത്തണോ? ഉപഭോഗം യാതൊരു നിയന്ത്രണവുമില്ലാതെ ഇതുപോലെ വർദ്ധിപ്പിച്ചു കൊണ്ടിരിക്കാനാകുമോ? എത്രവരെ ഇതു സാധിക്കും?

ഒരർത്ഥത്തിൽ കേരളീയർ ഭാഗ്യവാന്മാരാണ്. ഇവിടെ ആണവ നിലയങ്ങളില്ല. ഇന്നാട്ടിൽ കൽക്കരിയുമില്ല. ഒറീസയിൽ നിന്നോ ബീഹാറിൽ നിന്നോ വരണം. താപനിലയങ്ങൾക്കടുത്ത് രണ്ടു മലകളെങ്കിലും ഉയരും. കൽക്കരിയുടേതും, അവ കത്തിക്കുമ്പോഴുണ്ടാകുന്ന ചാരത്തിന്റേതും. ഇന്ത്യൻ കൽക്കരി ചാരം വളരെ കൂടുതലുള്ള ഇനമാണ്. അതായത്, 100 ടൺ കൽക്കരി കത്തിക്കുമ്പോൾ 30, 40 ടൺ ചാരമുണ്ടാകും. ഇവിടെ പ്രതിദിനം ആയിരക്കണക്കിനു ടൺ കൽക്കരി വേണം ഇതിലുണ്ടാകുന്ന ചാരത്തിന്റെ പാതിയിലേറെ ചില വ്യവസായങ്ങൾക്കുപയോഗിക്കാം.- സിമന്റ് മുതലായവയ്ക്കായി. ഈ ചാരം വായുവിലും ജലസ്രോതസുകളിലും ഭഗർഭ സ്രോതസുകളിലും വൻതോതിൽ മലിനീകരണമുണ്ടാക്കും. ഇത് ശേഖരിച്ച് വയ്ക്കുമ്പോൾ വായുവിൽ കലരുന്നു. അന്തരീക്ഷത്തിലൂടെ ഇലകൾക്കു മേൽ വ്യാപിക്കുന്നു. ഇതു മൂലം സസ്യങ്ങൾക്കു നാശമുണ്ടാകുന്നു.

നമ്മുടെ ഏറ്റവും പ്രധാന ഊർജ്ജസ്രോതസ്സ്(വൈദ്യുതിക്ക്) ഇന്ന് കൽക്കരി തന്നെയാണ്. എന്നാൽ എത്ര നാളുകൾക്കുള്ള കൽക്കരി ഇന്ത്യക്കുണ്ട്? ഇന്നത്തെ ഉപഭോഗം വച്ചു കണക്കാക്കിയാൽ 30- 40 വർഷത്തേക്ക് കൽക്കരി തികഞ്ഞേക്കും. എന്നാൽ പുതിയ നിലയങ്ങൾ വരികയാണെങ്കിൽ ഇതു കുറയും. ഇന്തോനേഷ്യ, ദക്ഷിണാഫ്രിക്ക, മുതലായ രാജ്യങ്ങളിൽ നിന്നും കൽക്കരി ഇറക്കുമതി ചെയ്യേണ്ടിവരും. ഇത് വലിയ സാമ്പത്തിക ബാധ്യതയുണ്ടാക്കും. കൽക്കരി നിലയങ്ങൾ നിർമ്മിക്കാനും പ്രവർത്തിപ്പിക്കാനും വേണ്ട് സാങ്കേതിക വിദ്യ പൂർണ്ണമായും

തമിഴ്നാട്ടിലെ തൂത്തുക്കുടിയിൽ പ്രവർത്തിക്കുന്ന താപനിലയം ശീതീകരണത്തിനായി ഉപയോഗിക്കുന്ന കടൽ ജലം ഉയർന്ന തോതിൽ പുറത്തു വിടുന്നതു മൂലം കടലിന്റെ താപനിരപ്പ് ഉയരുന്നു. ചാരം കലർന്ന വെള്ളം കടലിലേക്ക് ഒഴുക്കുന്നതു മൂലം മലിനീകരണമുണ്ടാകുന്നു. മത്സ്യം നശിക്കുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ സമരം നടത്തിവരുന്നു. ചാരത്തിനു പുറമെ, പുറത്തു വരുന്ന വാതകത്തിൽ കാർബൺഡൈ ഓക്സൈഡും സൾഫർ ഡൈ ഓക്സൈഡുമുണ്ട്. 100 കിലോമീറ്റർ വരെ വായുവിൽ ഇവ സഞ്ചരിച്ചേക്കാം. മഴയിൽ അത് സൾഫ്യൂറിക്കാസിഡായി പെയ്തിറങ്ങും. മനുഷ്യർക്കു മാത്രമല്ല മറ്റു ജീവികൾക്കും സസ്യങ്ങൾക്കും വിനാശകാരമാണിത്.

ഇന്ത്യയുടെ കൈവശമുണ്ട്, മലിനീകരണം തീർത്തും കുറച്ചു പ്രവർത്തിപ്പിക്കാൻ നമുക്കു കഴിയും, തുടങ്ങിയവയാണ് അധികൃതരുടെ അവകാശവാദങ്ങൾ. ഇക്കാര്യം വ്യക്തമാകാൻ നിങ്ങൾ ഒരു താപനിലയം നേരിട്ടു പോയി കാണണം. അതെങ്ങനെ പ്രവർത്തിക്കുന്നു, അതിന്റെ ചാരം എന്തു ചെയ്യുന്നു, വെള്ളത്തിനെന്തു സംഭവിക്കുന്നു, തൊട്ടടുത്തുള്ള പുഴ, കടൽ എന്നിവയുടെ അവസ്ഥയെന്താണ്, തുടങ്ങിയ കാര്യങ്ങൾ പഠിക്കണം. തമിഴ്നാട്ടിലെ തൂത്തുക്കുടിയിൽ പ്രവർത്തിക്കുന്ന താപനിലയം ശീതീകരണത്തിനായി ഉപയോഗിക്കുന്ന കടൽ ജലം ഉയർന്ന തോതിൽ പുറത്തു വിടുന്നതു മൂലം കടലിന്റെ താപനിരപ്പ് ഉരുന്നു. ചാരം കലർന്ന വെള്ളം കടലിലേക്ക് ഒഴുക്കുന്നതു മൂലം മലിനീകരണമുണ്ടാകുന്നു. മത്സ്യം നശിക്കുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ സമരം നടത്തിവരുന്നു. ചാരത്തിനു പുറമെ, പുറത്തു വരുന്ന വാതകത്തിൽ കാർബൺഡൈ ഓക്സൈഡും സൾഫർ ഡൈ ഓക്സൈഡുമുണ്ട്. 100കിലോമീറ്റർ വരെ വായുവിൽ ഇവ സഞ്ചരിച്ചേക്കാം. മഴയിൽ അത് സൾഫ്യൂറിക്കാസിഡായി പെയ്തിറങ്ങും. മനുഷ്യർക്കു മാത്രമല്ല മറ്റു ജീവികൾക്കും സസ്യങ്ങൾക്കും വിനാശകാരമാണിത്. പല താപനിലയങ്ങൾക്കും അടുത്തുള്ള പ്രദേശങ്ങളിൽ നടത്തിയ പഠനങ്ങൾ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. നിലയത്തിനാവശ്യമായ ജലം എവിടെ നിന്നു കിട്ടും? നദികൾ ഉപയോഗിച്ചാൽ ആ നാട്ടിൽ ജലക്ഷാമമുണ്ടാകും. ഭൂഗർഭ ജലമെടുത്താൽ വരുംതലമുറകളെ കൂടി ബാധിക്കും. താപനിലയങ്ങൾക്കു ചുറ്റമുള്ള പ്രദേശങ്ങളിൽ കാർഷികോൽപാദനം കുറയുമെന്ന് ബംഗളൂരു സർവകലാശാല നടത്തിയ പഠനങ്ങൾ കാണിക്കുന്നു. റെയ്ച്ചൂർ താപനിലയപ്രദേശത്താണ് അവർ പഠനം നടത്തിയത്. ഈ പദ്ധതിക്കു വേണ്ടി എത്ര ഭൂമി വേണം? 2000 ഏക്കർ എന്നിപ്പോൾ പറയുന്നു. ഇതു വർദ്ധിക്കാം. ഇത്രയധികം ഭൂമി ഈ പദ്ധതിക്കു നൽകാൻ തീരുമാനിക്കുന്നതു ശരിയോ? ഇന്ത്യയിൽ ഏറ്റവും ജനസാന്ദ്രതയേറിയ കേരളത്തിൽ ഇതിനാവശ്യമായ ഭൂമിയുണ്ടോ? ഇതിനായി വൻതോതിൽ കുടിയൊഴിക്കൽ വേണ്ടി വരും. ഇന്ത്യയിൽ എപ്പോഴും കുടിയൊഴിപ്പിക്കപ്പെടുന്നത് ദരിദ്രരാണ്. അവർ ചേരികളിലേക്കു മാറ്റപ്പെടുന്നു. പുനരധിവാസം ഒരു ഭരണകൂടത്തിനും ഗൗരവതരമായ പ്രശ്നമല്ല. ഇത്രയധികം ദുരന്തങ്ങൾ സൃഷ്ടിക്കുന്ന ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ഈ ജില്ലക്കാരോ ആകില്ല. കൊച്ചി, തിരുവനന്തപുരം തുടങ്ങിയ വൻ നഗരങ്ങളിലേക്ക് ഈ വൈദ്യുതി എത്തിക്കാൻ ട്രാൻസ്മിഷൻ ലൈനുകളിടണം. അതിനു വേണ്ടിയും കുടിയൊഴിപ്പക്കലും വനമര നശീകരണവും വേണ്ടി വരും. ദേശീയവന നയം അനുസരിച്ച് ഭൂമിയുടെ മൂന്നിലൊന്ന് വനം- മരം വള

രുന്ന പ്രദേശമായിരിക്കണം. ഇപ്പോൾ ഇന്ത്യയിലിത് 19 ശതമാനം പോലുമില്ല. ഇതുകൂടി നശിപ്പിക്കുന്നതിനെ വികസനമെന്നു വിളിക്കാമോ? ഈ നിലയം നിരവധി സാമൂഹ്യപ്രശ്നങ്ങൾ സൃഷ്ടിക്കും. ഇതിനായി വൻതോതിൽ നിർമ്മാണ സാമഗ്രികൾ ഉപയോഗിക്കും. അതു മൂലം തദ്ദേശീയരായവരുടെ വിലനിലവാരം ഉയരും. സാധാരണക്കാർക്ക് വീടു നിർമ്മിക്കാൻ കഴിയാതാകും. ഭൂമി വിലയുയരുന്നതും കൂലി നിലവാരം ഉയരുന്നതും എല്ലാ വിഭാഗക്കാരേയും ദോഷകരമായി ബാധിക്കും. നിലയം പ്രവർത്തനം തുടങ്ങിയാൽ ഇവിടെ വരുന്നവരെല്ലാം കറുത്തുപോകും. നിർമ്മാണ പ്രവർത്തനങ്ങൾക്കായി അന്യ സംസ്ഥാനത്തു നിന്ന് വൻതോതിൽ തൊഴിലാളികൾ ഇവിടെ വരും. അവരുടെ ഭക്ഷണം, ജീവിതം, ഭാഷ, സംസ്കാരം ഇതെല്ലാം ഇവിടെ പ്രശ്നങ്ങളുണ്ടാക്കും. ഈ നാട്ടിൽ നിന്നും പലരും പുറത്താക്കപ്പെടും. നാടിന്റെ നാശത്തിന് വഴി വയ്ക്കും.

ഇവിടുത്തെ പരിസ്ഥിതിക്ക് നാശവും ഭൂഗർഭജല നഷ്ടവും ജനങ്ങൾക്കു ദുരിതവും നൽകുന്ന പദ്ധതി വലിയ ദുരന്തമാകും. മഴവെള്ളത്തില ചാരം കലർന്ന് ഭൂഗർഭ സുഷിരങ്ങൾ അടഞ്ഞുപോകും. അതുമൂലം ഭൂഗർഭജല നിരപ്പുതാഴും. കൃഷി കുറയും. കിഡ്നിക്കും ശ്വാസകോശത്തിനും തകരാറുണ്ടാകും. ഹൃദ്രോഗം വ്യാപിക്കും. കാർഷികോൽപാദനം കുറയും. ഇതിന്റെ നേട്ടമായി പറയുന്നത് പുതിയ തൊഴിൽ കിട്ടുമെന്നാണ്. ആധുനിക സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന ഒരു താപനിലയത്തിന് സ്ഥിരമായി വളരെ കുറച്ച് ജോലിക്കാർ മതി നിലയം മനുഷ്യ ഇടപെടൽ ഇല്ലാതെ പ്രവർത്തിക്കാൻ ശേഷിയുള്ളവയായിരിക്കും. ഇതിനായി കുറച്ച് അതിവിദഗ്ധരുടെ സേവനം മാത്രം മതിയാകും. ഇന്നാട്ടിൽ അതിനു ശേഷിയുള്ളവരുണ്ടാകില്ല. ഇന്നാട്ടുകാർക്കു ലഭ്യമാകുക വരുമാനം കുറഞ്ഞ തരത്തിലുള്ള ജോലികളായിരിക്കും. 600 കുടുംബങ്ങളെ കുടിയൊഴിപ്പിച്ച് ഇത്രയധികം നാശനഷ്ടങ്ങൾ വരുത്തിക്കൊണ്ട് അമ്പതോളം പേർക്ക് തൂപ്പുകാരുടേയും മറ്റും തൊഴിൽ കിട്ടിയാൽ അതു വികസനമാണോ? ഇവിടെ എത്ര വൈദ്യുതി ഉണ്ടായാലും ഇന്നാട്ടിലെ പവർകട്ട് മാറുകയില്ല. വൈദ്യുതി ഗ്രിഡിലേക്കു പോകും.

ഇതു പറയുമ്പോൾ വൈദ്യുതി ആവശ്യമല്ലേയെന്നു ചോദിച്ചേക്കാം. വൈദ്യുതിക്ക് മറ്റു നിരവധി മാർഗങ്ങളുണ്ട്. കൂടുതൽ ഉൽപ്പാദിപ്പിക്കുന്നതിനു പകരം ഇന്നത്തെ ഉപഭോഗം കാര്യക്ഷമമാക്കുകയെന്നതല്ലേ പ്രധാനം. ഉൽപ്പാദനം, പ്രസരണം, വിതരണം തുടങ്ങിയ മേഖലകളിലെ നഷ്ടം കുറയ്ക്കുകയും പരിസ്ഥിതിക്കു വിനാശകരമല്ലാത്തതും പുതുക്കാവുന്നതുമായ സ്രോതസുകളെ ആശ്രയിക്കുകയും ചെയ്യണം. അനാവശ്യ ഉപഭോഗം കുറയ്ക്കാൻ നാം തയ്യാറാകുമോ? ദേശീയതലത്തിൽ പ്രസരണ വിതരണ നഷ്ടം 40 ശതമാനമാണ്. അതിൽ സാങ്കേതിക നഷ്ടവും വ്യാപാര നഷ്ടവുമുണ്ട്. അന്താരാഷ്ട്ര തലത്തിൽ ഇത് പത്തു ശതമാനമാണ്. കർണ്ണാടകയിൽ പല പ്രദേശത്തും ഇത് 13 മുതൽ പത്തു ശതമാനം വരെയാക്കാൻ സാധിച്ചിട്ടുണ്ട്. ഈ നഷ്ടം പത്തു ശതമാനമായി കുറച്ചാൽ തന്നെ ഈ പദ്ധതി ഒഴിവാക്കാം. നഷ്ടം കുറയ്ക്കാൻ നിരവധി സാധ്യതകളുണ്ട്. പകൽ കത്തുന്ന തെരുവുവിളക്കുകൾ മുതൽ തുടങ്ങാം. 2016നകം സൗരോർജ്ജം വ്യാപാരാടിസ്ഥാനത്തിൽ കൊണ്ടുവരാമെന്ന് കരുതുന്നു. (കാറ്റിലെ ഊർജ്ജം ഇപ്പോൾ തന്നെ ഉപയോഗിക്കാം) അതുവരെ ഉപഭോഗം നിയന്ത്രിച്ചു മുന്നോട്ടു പോകണം.

ഈ പുതിയ പദ്ധതി നിർദ്ദേശത്തിന്റെ പശ്ചാത്തലത്തിൽ ഇത്തരം പ്രശ്നങ്ങളും ചർച്ച ചെയ്യണം. അതിന് ചീമേനിക്കാർ തയ്യാറാകണം. ലോകത്തിൽ പല രാജ്യങ്ങളും കൽക്കരി ഉപഭോഗം കുറച്ചുകൊണ്ടു വരികയാണ്. ആഗോളതാപനത്തിന്റെ പ്രധാന കാരണക്കാർ കൽക്കരി നിലയങ്ങളാണ്. അതു കുറയ്ക്കാൻ യു.എസ്, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങൾക്കു മേൽ സമ്മർദ്ദമുണ്ട്. താപനിലയങ്ങളിലെ അണുവികിരണം വേണ്ടത്ര ചർച്ച ചെയ്യപ്പെട്ടിട്ടില്ല. താപനിലയങ്ങളിലെ ചാരത്തിൽ നിരവധി റേഡിയോ ആക്ടീവ് പദാർത്ഥങ്ങളുണ്ട്. യു.എസിലെ പഠനങ്ങൾ കാണിക്കുന്നത് അന്നാട്ടിലെ ആണവ നിലയങ്ങളിൽ നിന്നു പുറത്തു വിടുന്നതിനേക്കാൾ വികിരണം വരുന്നത് താപനിലയങ്ങളിലെ ചാരത്തങ്ങളിൽ നിന്നാണെന്നാണ്. രസം(മെർക്കുറി) എന്ന ലോഹം വലിയ തോതിൽ ഈ ചാരത്തിലുണ്ട്. 500 മെഗാവാട്ട് കൽക്കരി നിലയത്തിൽ നിന്ന് പ്രതിവർഷം 170 പൗണ്ട്(70 കിലോഗ്രാം) മെർക്കുറി പുറത്തു വരുമെന്നാണ്. ഒരു ടീസ്പൂണിന്റെ എഴുപതിൽ ഒരംശം കൊണ്ട് 25 ഏക്കർ വിസ്തൃതിയുള്ള ജലാശയത്തിലെ എല്ലാ ജീവജാലങ്ങളെയും കൊല്ലാം എന്നറിയുക. ഇത്തരം പഠനങ്ങൾ നടത്തിയിരിക്കുന്നത് വ്യവസായവൽക്കൃത രാഷ്ട്രങ്ങളാണ്. ഇന്ത്യയിലും മറ്റും ഇതൊന്നും പഠിച്ചിട്ടേയില്ല. ഭോപ്പാൽ പോലൊരു ദുരന്തമുണ്ടായിട്ടു പോലും യാതൊരുവിധ താലപര്യവും ഇവിടൈയില്ല. ഇതെല്ലാം കുട്ടികളെ, സ്ത്രീകളെ, വൃദ്ധജനങ്ങളെയൊക്കെ എങ്ങനെ ബാധിക്കുന്നു? തീർച്ചയായും ഇതൊക്കെ പഠിച്ചു മാത്രമേ പുതിയ നിലയം സംബന്ധിച്ചു തീരുമാനമെടുക്കാവൂ. ജനാധിപത്യപരമായ തുറന്ന ചർച്ചകൾ നടത്തണം. യുക്തിപരമായി തീരുമാനിക്കണം. തിരുത്താനാവാത്ത തെറ്റുകൾ ചെയ്ത ശേഷം ചിന്തിച്ചിട്ടു പ്രയോജനമില്ല. കേവല ലാഭനഷ്ടങ്ങൾ പരിഗണിച്ചല്ല ഇത്തരം തീരുമാനങ്ങളെടുക്കേണ്ടത്. അതിനുള്ള ശേഷി നിങ്ങൾക്കുണ്ടാവട്ടെ.


## മാധ്യമകൂട്ടായ്മ

കേരളീയം സാമൂഹ്യസംഘടനകളുമായി ചേർന്ന് മാധ്യമ-സാമൂഹ്യ പരിശീലന പരിപാടി നടത്തുന്നു. ക്യാമ്പുകൾ, അന്വേഷണയാത്രകൾ, നേരിട്ടുള്ള പരിശീലനം തുടങ്ങിയവയിലൂടെ നടത്തുന്ന ഈ പദ്ധതിയിലേക്ക് താൽപര്യമുള്ളവർക്ക് സ്വാഗതം. വിവരങ്ങൾക്ക് എഴുതുക. കേരളീയം, കൊക്കാലെ, തൃശൂർ.